
FIRST TERM EVALUATION 2025-26
EVS  Model question paper
Malayalam medium
STANDARD-4
Time: 2 hours

xxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxx

1. താഴെയുള്ള ചിത്രത്തിൽ കാണുന്ന ജലജീവികളെ മനസ്സിലാക്കുക. ഇവ എവിടെയാണ് സാധാരണയായി കാണപ്പെടുന്നത്? അവയുടെ ആവാസവ്യവസ്ഥയുടെ പ്രത്യേകതകൾ എഴുതുക.



2.നിങ്ങളുടെ വീടിന് സമീപമുള്ള ഒരു പ്രകൃതിദത്ത ആവാസവ്യവസ്ഥയെ കുറിച്ച് 5 വാക്യങ്ങളിൽ വിവരിക്കുക. അവിടെ കാണുന്ന സസ്യങ്ങളും ജീവികളും ഏതൊക്കെയാണ്?

3. മരുഭൂമിയിൽ കാണുന്ന ഏതെങ്കിലുമൊരു സസ്യത്തിന്റെ ചിത്രം വരക്കുക  ആ സസ്യം എങ്ങനെ മരുഭൂമിയിലെ സാഹചര്യങ്ങൾ അതിജീവിക്കുന്നു എന്ന്  രണ്ട് വാക്യങ്ങളിൽ എഴുതുക.

To download complete preparation materials visit
www.educationobserver.com

4. ചുവടെ നൽകിയിരിക്കുന്ന ജീവികൾക്ക് അനുയോജ്യമായ ആവാസവ്യവസ്ഥകളെ താഴെക്കൊടുത്തവയിൽനിന്നും കണ്ടെത്തി എഴുതുക . തുടർന്ന്, ആ ജീവിക്ക് ആ ആവാസവ്യവസ്ഥ എങ്ങനെ അനുയോജ്യമാണ് എന്ന് രണ്ടുവാക്യങ്ങളിൽ വിശദീകരിക്കുക.

ജീവികൾ:

1. ഒട്ടകം
2. മൽസ്യം
3. കുരങ്ങ്
4. പുലി

ആവാസവ്യവസ്ഥകൾ:

A. വനമേഖല
B. മരുഭൂമി
C. നദി
D. കാടുകൾ നിറഞ്ഞ മലനിരകൾ

---

---

5. താഴെപ്പറയുന്ന സാഹചര്യങ്ങളുടെ കാരണം കണ്ടെത്തി എഴുതുക

ഒരു ചെറുകുളം സമ്പൂർണമായി മാലിന്യത്താൽ മൂടി.

- സംഭവമുണ്ടായതിന്റെ കാരണം:
- ഫലങ്ങൾ:
- അതിനുള്ള പരിഹാര മാർഗങ്ങൾ:

---

6. നിങ്ങളുടെ സ്കൂൾ പരിസരം മാലിന്യമുക്തമാക്കാൻ നിങ്ങൾക്ക് ചെയ്യാവുന്ന മൂന്ന് കാര്യങ്ങൾ എഴുതി വിശദീകരിക്കുക.

---

7. നിങ്ങൾക്കിഷ്ടപ്പെട്ട 3 ജീവികൾ എവിടെ പാർക്കുന്നു എന്ന് കണ്ടെത്തുക. അവക്കിഷ്ടപ്പെട്ട ആഹാരമെന്ത് ? താഴെ തന്നിരിക്കുന്നതുപോലെ പട്ടിക പൂർത്തിയാക്കുക.

| ജീവി | ആവാസവ്യവസ്ഥ | ആഹാരം |
|---|---|---|
| കുരങ്ങ് | വനം | പഴം |

---

To download complete preparation materials visit
www.educationobserver.com

www.educationobserver.com

8. “ജലം മലിനമാകുമ്പോൾ ഒരു മത്സ്യത്തിന് ഉണ്ടാകുന്ന അനുഭവം”
ഒരു മത്സ്യവും, മനുഷ്യനും, പരിസ്ഥിതിശാസ്ത്രജ്ഞനും തമ്മിലുള്ള ഒരു സംഭാഷണം തയ്യാറാക്കുക.

www.educationobserver.com